**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത | **11.11.2019 ൽ**

നിയമസഭാ ചോദ്യം നമ്പർ : **3827** | **മറുപടിയ്ക്ക്**

**ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തിൽപ്പെട്ടവരുടെ ആശ്രിതർക്കുള്ള ആനുകൂല്യം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഫോർട്ട്കൊച്ചി ബോട്ട് ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതരും പരിക്കേറ്റവരും തേർഡ് പാർട്ടി ഇൻഷ്വറൻസ് ക്ലെയിമിനായി മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണലിൽ ഫയൽ ചെയ്ത കേസുകൾ കേരള ഇൻലാന്റ് വെസൽസ് റൂൾസ് പ്രകാരമുള്ള ആക്സിഡന്റ്സ്കീം കേസുകൾ കൈകാര്യം ചെയ്യുന്നതിന് ചുമതല പ്പെടുത്തിയിട്ടില്ല എന്ന കാരണത്താൽ തള്ളിയിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) മോട്ടോർ ആക്സിഡന്റ് ക്ളെയിം ട്രിബ്യൂണലുകൾക്ക് അത്തരം കേസുകൾ പരിഗണിക്കുന്നതിന് ചുമതല നൽകുന്ന വിജ്ഞാപനം ഇറക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br>(സി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;<br>(ഡി) 30.05.2010 ലെ G.O.(P)No.5/2010/CSIND പ്രകാരം കേരള ഇൻലാന്റ് വെസ്സൽ റൂൾ നിലവിൽ വന്നിട്ടുള്ളതും 15.09.2010 മുതൽ | (ബി) യും (സി) യും (ഡി) യും (ഇ) യും (എഫ്) ഉം (ജി) യും<br>മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലുകളെ കേരള ഇൻലാന്റ് വെസൽസ് റൂൾസ് പ്രകാരമുള്ള ആക്സിഡന്റ് സ്കീം കേസുകൾ കൂടി കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെടുത്തി കൊണ്ടുള്ള വിജ്ഞാപനം ഇറക്കുന്നത് സംബന്ധിച്ച് 28.09.2019 ലെ സി5/196/2019/ആഭ്യന്തരം നമ്പർ കത്തുപ്രകാരം ഹൈക്കോടതി രജിസ്ട്രാറോട് അഭിപ്രായമാരാഞ്ഞിരിക്കുകയാണ്. ഹൈക്കോടതിയിൽ നിന്നും റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ ഫോർട്ട് കൊച്ചി ബോട്ട് |

| | |
|---|---|
| | പ്രസ്തുത റ്റൂൾ തുറമുഖ വകുപ്പിന് കീഴിൽ പ്രാബല്യത്തിൽ വന്നതു മുതൽ ഉൾനാടൻ ജലയാനങ്ങൾക്ക് രജിസ്ട്രേഷനും തേർഡ് പാർട്ടി ഇൻഷ്വറൻസും നൽകി വരുന്നതും കണക്കിലെടുത്ത് പ്രസ്തുത വിജ്ഞാപനത്തിന്റെ ആനുകൂല്യം ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും ലഭിക്കുന്നതിനായി മുൻകാല പ്രാബല്യത്തോടെ വിജ്ഞാപനം ഇറക്കുവാൻ സാധിക്കുമോ എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; |
| (ഇ) | ഇല്ലെങ്കിൽ, പ്രസ്തുത വിജ്ഞാപനത്തിന്റെ ആനുകൂല്യം ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തിൽ ഉൾപ്പെട്ടവർക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; |
| (എഫ്) | പ്രസ്തുത വിജ്ഞാപനം ഇറക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ; |
| (ജി) | നിലവിൽ ഇതു സംബന്ധിച്ച ഫയൽ ഏത് വകുപ്പിലാണെന്നും ഫയലിന്റെ നിജസ്ഥിതി എന്താണെന്നും വിശദമാക്കാമോ? |

ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും പ്രസ്തുത വിജ്ഞാപനത്തിന്റെ ആനുകല്യം നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കാനാളു.

സെക്ഷൻ ഓഫീസർ